# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1618 — 14.12.2012- ൽ മറുപടിക്ക്

## ഹോർട്ടികൾച്ചർ മിഷന്റെ ' പഴം പച്ചക്കറി ഉത്പാദന - സംഭരണ-വിപണന കേന്ദ്രം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ | ചേലക്കര മണ്ഡലത്തിൽ സംസ്ഥാന ദഹാർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ 'പഴം-പച്ചക്കറി ഉത്പാദന -സംഭരണ -വിപണന കേന്ദ്രം' പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ ഉണ്ട് |
| ബി | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി ചേലക്കര മണ്ഡലത്തിൽ പഴം പച്ചക്കറി ഉത്പാദന-സംഭരണ-വിപണന കേന്ദ്രം നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പദ്ധതിയുടെ വിശദാംശം താഴെപറയുന്ന രീതിയിലാണ് |

| | ഇനം | തുക ലക്ഷം രൂപയിൽ |
|---|---|---|
| 1 | കേരള സർക്കാരിൽ നിന്നുള്ള മൂലധനം | 433.85 |
| 2 | കേരള സർക്കാരിൽ നിന്നുള്ള വായ്പ | 500.00 |
| 3 | പൊതു ജനങ്ങളുടെ സംഭാവന | 48.21 |
| 4 | ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ സബ്സിഡി | 194.90 |
| | | 1176.95 |

| | | |
|---|---|---|
| സി | പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | സി, ഡി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, പദ്ധതി തത്വത്തിൽ അംഗീകരിക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും അതിൻ പ്രകാരം പ്രോജക്ടിൽ വേണ്ട മാറ്റങ്ങൾ വരുത്തി സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.<br>1. പദ്ധതിയുടെ മൊത്തം അടങ്കൽ തുക സർക്കാരിൽ നിന്നും ലഭ്യമാകുന്നത് ഒഴിവാക്കിക്കൊണ്ട്, സംസ്ഥാന സർക്കാർ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഗ്യാരണ്ടി വഴി വായ്പയെടുത്ത് മൂലധനം സ്വരൂപിക്കേണ്ടതാണ്.<br>2. സർക്കാർ തലത്തിൽ ഒരു സൊസൈറ്റിയോ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളോ ഈ പദ്ധതി നടപ്പിലാക്കുവാനായി സ്ഥാപിക്കേണ്ടതാണ്. |
| ഡി | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ അംഗീകാരവും അനുമതിയും ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |

| | | |
|---|---|---|
| ഇ | പഴം - പച്ചക്കറി ഉത്പാദന ഇ<br>ത്തിൽ കർഷകർക്ക് ഏറെ<br>പ്രയോജനകരമെന്ന് വിലയിരു<br>ത്തപ്പെട്ട പ്രസ്തുത പദ്ധതി, നടപ്പ്<br>സാമ്പത്തിക വർഷം തന്നെ<br>ആരംഭിക്കുവാൻ നടപടികൾ<br>സ്വീകരിക്കുമോ? | വ്യവസായ വകുപ്പിൽ നിന്നും ദേശീയ ഹോർട്ടികൾച്ചർ മിഷൻ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ച പ്രോപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ